പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 236

# 2008-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 236

# 2008-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ബിൽ

994/2008.

# 2008-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ബിൽ

2003-ലെ കേരള മൂല്യ വർദ്ധിത നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള മൂല്യ വർദ്ധിത നികുതി ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008, ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 20എ വകുപ്പിന്റെ ഭേദഗതി.— 2003-ലെ കേരള മൂല്യ വർദ്ധിത നികുതി ആക്റ്റ് (2004-ലെ 30) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 20എ വകുപ്പ് (ബി) ഖണ്ഡത്തിൽ "2005-06, 2006-07, 2007-08 വർഷങ്ങളിലേക്ക്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും അടയാളങ്ങൾക്കും പകരം "2005-06, 2006-07, 2007-08, 2008-09 വർഷങ്ങളിലേക്ക്" എന്ന വാക്കുകളും അക്കങ്ങളും അടയാളങ്ങളും ചേർക്കേണ്ടതാണ് ;

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 40) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

994/2008.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2008-ലെ കേരള ധനകാര്യ ആക്റ്റ് (2008-ലെ 21) പ്രകാരം കൂട്ടിച്ചേർക്കപ്പെട്ട 2003-ലെ കേരള മൂല്യ വർദ്ധിത നികുതി ആക്റ്റിന്റെ 20എ വകുപ്പ് പ്രകാരം 2005-06, 2006-07, 2007-08 വർഷങ്ങളിലെ, കോമ്പൗണ്ട് ചെയ്ത നിരക്കിലുള്ള നികുതി അടയ്ക്കലിനെ സംബന്ധിച്ചുള്ള തെരഞ്ഞെടുക്കലുകൾ 8-ാം വകുപ്പ് പ്രകാരം നികുതി ദാതാവ് സമർപ്പിക്കുമ്പോൾ എഴുതി രേഖപ്പെടുത്തിയ സാധുവായതും മതിയായതുമായ കാരണങ്ങൾ കൊണ്ട് 2008 ഡിസംബർ 31-ാം തീയതി വരെ കാലതാമസം മാപ്പാക്കുന്നതിന് ആ പ്രദേശത്ത് അധികാരിതയുള്ള വാണിജ്യ നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ പരിധിക്കുള്ളിൽ നടപ്പുസാമ്പത്തിക വർഷത്തെ നികുതിയുടെ അടയ്ക്കലും, അതായത് 2008-09 കൂടി ഉൾപ്പെടുത്തുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2008-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 40) 2008, ഒക്ടോബർ 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും അത് 2008 ഒക്ടോബർ 31-ാം തീയതിയിലെ 2359-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

2008-ലെ 40-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. റ്റി. എം. തോമസ് ഐസക്

(ശരിത്തർജ്ജമ)

## 2003-ലെ കേരള മൂല്യ വർദ്ധിത നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2004-ലെ 30)

** ** **

20എ. കാലതാമസം മാപ്പാക്കൽ.—പ്രദേശത്ത് അധികാരിതയുള്ള ഡെപ്യൂട്ടി കമ്മീഷണർമാർക്ക് എഴുതി രേഖപ്പെടുത്തിയ സാധുവായതും മതിയായതും ആയ കാരണങ്ങളിന്മേൽ കാലതാമസം മാപ്പാക്കാവുന്നതാണ്,—

(എ) ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും പ്രകാരം ഏതെങ്കിലും തിരിച്ചുനൽകലിന് അപേക്ഷിക്കുന്നിടത്ത്,

(ബി) 2005-06, 2006-07, 2007-08 വർഷങ്ങളിലേക്ക് 2008, ഡിസംബർ 31-ാം തീയതി വരെ ഈ ആക്റ്റിന്റെ 8-ാം വകുപ്പുപ്രകാരം ഓപ്ഷൻ ഫയൽ ചെയ്യുന്നിടത്ത് :

എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി ഈ വകുപ്പുപ്രകാരമുള്ള അങ്ങനെയുള്ള കാലതാമസത്തിന്റെ മാപ്പാക്കലിന്റെ തീയതി മുതൽ ഒരു മൂന്നു വർഷക്കാലയളവിലേക്ക് കൂടി വീണ്ടും ദീർഘിപ്പിക്കാവുന്നതാണ്.

** ** **